## ഗവ : ജെ ബി എസ്, വെൺമണി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# ആമുഖം

ദിവസേന മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ സാമൂഹിക നന്മകളും, മൂല്യങ്ങളും ഉൾകൊണ്ട് നല്ല നിലവാരത്തിലുള്ള സാമൂഹ്യ ജീവിയായി ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സംസ്ഥാനത്ത് നടപ്പാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ ഭാഗമായി അക്കാദമിക രംഗം പല നേട്ടങ്ങളും കൈവരിച്ചു കഴിഞ്ഞിരിക്കുന്നു. അതിന്റെ തുടർച്ചയായി ഈ വർഷവും 'സമഗ്ര ഗുണമേന്മ പദ്ധതി'കൾ ആവിഷ്കരിച്ച് നടത്തുന്നു.

1876 ൽ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ അച്ചൻ കോവിലാറിന്റെ അതിർത്തി പങ്കിടുന്ന വെൺമണി ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്തായി സ്ഥാപിച്ച ഗവ: ജെ.ബി.എസ് ഇന്ന് 150 ന്റെ നിറവിലെത്തി നിൽക്കുകയാണ്.

2025-26 വർഷം ഒന്ന് മുതൽ അഞ്ച് വരെ ക്ലാസുകളിലായി 92 കുട്ടികൾ പഠിക്കുന്നു. പ്രീ-പ്രൈമറി ക്ലാസുകളും സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്. 2024-25 വർഷങ്ങളിൽ മാറി വ[ന്ന] പുസ്തകങ്ങളിലൂടെ മികച്ച രീതിയിലുള്ള അധ്യാപ[നം] നടത്തി വരുന്നു.

തുടർന്ന് വരുന്ന അധ്യയന വർഷങ്ങളിൽ വിദ്യാലയം അക്കാദമികമായി ഉയരാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതായുണ്ട്. വരും വർഷങ്ങളിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങൾ മുൻപന്തിയിൽ നിൽക്കുന്ന വിദ്യാലയമായി നവ: ജെ.ബി.എസ് മുന്നേറണം.

## പ്രധാന ലക്ഷ്യങ്ങൾ

1. സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തി വിദ്യാലയത്തിന്റെ സമഗ്രമായ വികാസം സാധ്യമാക്കുക.
2. അക്കാദമിക പ്രവർത്തനങ്ങളോടൊപ്പം കല-കായിക പ്രവർത്തനങ്ങളിലും കുട്ടികളെ മികവുള്ളവരാക്കുക.
3. എല്ലാ നിലവാരക്കാരെയും പരിഗണിച്ച് കൊണ്ടുള്ള പഠന പ്രവർത്തനങ്ങളോടൊപ്പം സ്കൂളിന്റെ തനതായ പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കി എല്ലാ കുട്ടികളുടെയും നിലവാരം ഉയർത്തുക.
4. മാതൃഭാഷാ പഠനം സുഗമമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
5. മാതൃഭാഷയോടൊപ്പം തന്നെ ഇംഗ്ലീഷ്-ഹിന്ദി ഭാഷാപഠനവും പരിപോഷിപ്പിക്കുക.

6. കൃഷിയിലേക്ക് കുട്ടികളെ ആകർഷിച്ച് കുട്ടി കർഷകരാകാനുള്ള പ്രചോദനമുൾക്കൊള്ളുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

7. LSS പോലെയുള്ള മത്സരപരീക്ഷകളിൽ പങ്കെടുത്ത് മികച്ച വിജയം നേടാൻ കുട്ടികളെ പ്രാപ്തരാക്കുക.

8. വായന പ്രോത്സാഹിപ്പിക്കാൻ ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുക.

9. സദസ്സിന് മുൻപാകെ സങ്കോചമില്ലാതെ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയുന്ന തലമുറയെ സൃഷ്ടിക്കുക.

10. പൊതു സമൂഹം നേരിടുന്ന പ്രശ്നങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി നല്ലൊരു സാമൂഹിക ജീവിയായി ജീവിക്കാനുള്ള സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം നൽകുന്ന വിദ്യാലയമായി നിലകൊള്ളുക.

## അവസ്ഥാ വിശകലനം

നിലവിൽ സ്കൂളിന് മികച്ച ഭൗതിക അന്തരീക്ഷമാണുള്ളത്. 'ശിശു സൗഹൃദ-വിദ്യാലയം' എന്ന പേര് അന്വർത്ഥമാക്കുന്ന രീതിയിൽ കുട്ടികൾക്ക് പ്രിയപ്പെട്ട 'പാർക്ക്',

സ്മാർട്ട് ടി.വി, ഇന്ററാക്ടീവ് ബോർഡ് എന്നിവ ഉൾക്കൊള്ളുന്ന ക്ലാസ് റൂമുകൾ, കൃഷിയിലേക്ക് ആകർഷിക്കാനായി അടുക്കളത്തോട്ടം, ഔഷധത്തോട്ടം, പൂന്തോട്ടം തുടങ്ങിയവയും ഉണ്ട്. ശുദ്ധമായ കുടിവെള്ള സൗകര്യത്തോടൊപ്പം മാലിന്യ സംസ്കരണം കൃത്യതയോടെ തന്നെ (തുമ്പൂർ മൂഴി) നടക്കുന്നുണ്ട്. വിവിധ-ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ദിനാചരണ പ്രവർത്തനങ്ങൾ കൃത്യമായി നടത്തുകയും സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. സ്കൂൾ തലത്തിലെ എല്ലാ-പ്രവർത്തനങ്ങളും അധ്യാപകരുടെയും രക്ഷിതാക്കളുടേയും പരസ്പര സഹകരണത്തോടെയാണ് നടക്കുന്നത്. സ്വയരക്ഷ പഠനത്തിന്റെ ഭാഗമായി കുട്ടികൾക്ക് 'കരാട്ടെ ക്ലാസും ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി 'യോഗ' ക്ലാസും നടത്തി വരുന്ന. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ സാമൂഹികമായ പങ്കാളിത്തങ്ങൾ, പ്രദേശവാസികളുടെ സഹായങ്ങൾ സ്കൂളിന് ലഭിക്കുന്നുണ്ട്.

150-ാം വാർഷികം ആഘോഷിക്കുന്ന ഈ അധ്യയന വർഷത്തിൽ കൂടുതൽ പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് സാമൂഹിക പങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതുണ്ട്.

# പ്രവർത്തന പദ്ധതി

1. സ്കൂൾ വാർഷികം (150-ാം വാർഷികം)

ലക്ഷ്യം: 150ന്റെ നിറവിലെത്തി നിൽക്കുന്ന നമ്മുടെ വിദ്യാലയ മുത്തശ്ശിയുടെ 150-ാം വാർഷികം സാമൂഹിക പങ്കാളിത്തത്തോടെ ഗംഭീരമാക്കുക

കാലയളവ്:

ചുമതല: SRG, SMC,

2. കരാട്ടെ, യോഗ ക്ലാസ്

ലക്ഷ്യം: എല്ലാ കുട്ടികളെയും സ്വയരക്ഷാ പാഠങ്ങളും, ആരോഗ്യ പരിപാലനത്തിൽ ശ്രദ്ധയുള്ളവരുമാക്കി മാറ്റുക.

കാലയളവ്: ജൂൺ - മാർച്ച്

ചുമതല: SRG, SMC.

3. വീട്ടിലൊരു ലൈബ്രറി

ലക്ഷ്യം: കുട്ടികളിലെ വായന പരിപോഷിപ്പിക്കുന്നതിനായി വീട്ടിൽ ഒരു ലൈബ്രറി ക്രമീകരിക്കുക.

കാലയളവ്:

ചുമതല: SRG, SMC.

4 ഓണത്തിനൊരു കുട്ട പൂവ്

ലക്ഷ്യം: പൂന്തോട്ട നിർമ്മാണം

കാലയളവ്:

5. കുഞ്ഞറിവ് - പത്രക്വിസ്
ലക്ഷ്യം : പത്രവായന, G.K എന്നിവ പരിപോഷിപ്പിക്കുക.
കാലയളവ് - ജൂൺ - മാർച്ച്
ചുമതല - SRG

6. LSS പരിശീലനം
ലക്ഷ്യം : നാലാം ക്ലാസ് വിദ്യാർത്ഥികൾക്കായി നടത്തുന്ന മത്സരപരീക്ഷയായ LSS പരിശീലനത്തിനായി കുട്ടികളെ പ്രാപ്തരാക്കുക.
കാലയളവ് : സെപ്തംബർ -
ചുമതല : SRG

7. Learn Language
ലക്ഷ്യം : മാതൃഭാഷാ പഠനത്തിനൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷാ ~~എന്നിവ~~ പരിപോഷിപ്പിക്കുക
കാലയളവ് : ജൂൺ - മാർച്ച്
ചുമതല : SRG

8. രുചിയുത്സവം
ലക്ഷ്യം : 1 മുതൽ 5 വരെ പാഠഭാഗങ്ങളിലെ ഭക്ഷണവുമായി ബന്ധപ്പെട്ട പഠനലക്ഷ്യങ്ങൾ ഉൾപ്പെടുത്തി ഫുഡ്ഫെസ്റ്റ് നടത്തുക.
കാലയളവ് : സെപ്തംബർ
ചുമതല : SRG, SMC

9. കുട്ടി കർഷകർ

ലക്ഷ്യം: കൃഷിയുടെ പ്രാധാന്യം മനസിലാക്കാൻ കുട്ടികളെ കൂടി ഉൾപ്പെടുത്തി അടുക്കള-ത്തോട്ടം, ഔഷധത്തോട്ടം എന്നിവ നിർമ്മിക്കുക.

ചുമതല : SMC, MPTA, SMC,

കാലയളവ് : ജൂൺ - മാർച്ച്

10. പാഴ് പുതുമ

ലക്ഷ്യം: 'Recycling' എന്ന ആശയം കുട്ടികളിൽ എത്തിക്കാൻ പഴയ സാധനങ്ങളിൽ നിന്ന് പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള പരിശീലനം നൽകുക.

ചുമതല : SMC, ഹരിതകർമ്മ സേന

കാലയളവ് : ജൂൺ - മാർച്ച്

11. ശ്രദ്ധ

ലക്ഷ്യം: പഠന പിന്നോക്ക അവസ്ഥയായ കുട്ടികളെ കണ്ടെത്തി പിന്തുണ സഹായം ലഭ്യമാക്കുക.

ചുമതല : SRG

കാലയളവ് : സെപ്തംബർ - മാർച്ച്.

12. രചനോത്സവം, വായനോത്സവം

ലക്ഷ്യം: വായനയിലും എഴുത്തിലുമുള്ള ശേഷികൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ അവ പൊതുവേദികളിൽ അവതരിപ്പി-ക്കാനുള്ള അവസരങ്ങളൊരുക്കൽ

കാലയളവ് : ആഗസ്റ്റ് - മാർച്ച്

ചുമതല : SRG

# ഉപസംഹാരം

ഭാവി തലമുറയെ നല്ല ശീലങ്ങളും നല്ല കഴിവുകളുമുള്ളവരാക്കി മാറ്റുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് വിദ്യാലയങ്ങളാണ്. അക്കാദമികമായ പുരോഗതിയ്ക്കൊപ്പം കുട്ടികളുടെ സമഗ്രമായ പുരോഗതി ലക്ഷ്യം വെച്ചാണ് ഓരോ അധ്യായന വർഷവും പ്രവർത്തനങ്ങൾ സജ്ജമാക്കേണ്ടത്. ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ആസൂത്രണം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളും കുട്ടികളെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന് സഹായിക്കുന്നവയാണ്. ഇവയിലൂടെ നമ്മുടെ കുട്ടികളും സമഗ്രമായ പുരോഗതി കൈവരിക്കാൻ സാധിക്കട്ടെ.